പാലംപണിയുന്നതിനുള്ള എസ്റ്റിമേറ്റ്

*ക ൦ ക ന. (ന) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) മംഗലപ്പുഴ, തോട്ടപ്പള്ളി, കന്നേറ്റി എന്നീ പാലങ്ങളുടെ പണിക്കുള്ള എസ്റ്റിമേറ്റ് അയച്ചുകൊടുക്കുവാൻ കേന്ദ്രഗവൺമെന്റിനെ പൊതുമരാമത്തുവകുപ്പു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതനുസരിച്ച് എസ്റ്റിമേറ്റ് അയച്ചുകൊടുത്തോ?

(സി) ആ പാലങ്ങൾ പണിയുന്നതിനുള്ള ചെലവ് കേന്ദ്രഗവൺമെന്റ് വഹിക്കുമോ;

(ഡി) വേറെ ഏതെങ്കിലും പാലത്തിന്റെ എസ്റ്റിമേറ്റ് ചോദിച്ചിട്ടുണ്ടോ;

(ഇ) തിരുവല്ലാ–മാവേലിക്കര റോഡിൽ പുളിക്കീഴിലും തിരുവല്ലാ–എടത്വാ റോഡിൽ നീരേറ്റുപുറത്തും പാലം പണിയുന്ന കാര്യം ഗവൺമെന്റിന്റെ ആലോചനയിൽ പെട്ടിട്ടുണ്ടോ;

(എഫ്) നാഷനൽ ഹൈവേ ഏതുവഴിയായിരിക്കണമെന്നുള്ള തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിന്റെ അഭിപ്രായം ഇൻഡ്യാഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ആ പാലങ്ങൾ കേന്ദ്രഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള റോഡിലായതുകൊണ്ട് അവ പണിയുന്നതിനുള്ള ചെലവ് ആ ഗവൺമെന്റു വഹിക്കേണ്ടതാണ്.

(ഡി) ചുവറ പാലത്തിന്റെ എസ്റ്റിമേറ്റ് ചോദിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന വലിയ പാലങ്ങൾ പൂർത്തിയായതിനുശേഷം അതിനെപ്പറ്റി തീർച്ചയായും ആലോചിക്കുന്നുണ്ട്.

(എഫ്) ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: തിരുവല്ലാ–മാവേലിക്കര റോഡിൽ പുളിക്കീഴിൽ ഒരു പാലം പണിയുന്നതിനുള്ള പ്രാരംഭനടപടികൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പ്രാരംഭനടപടികൾ എടുക്കുന്നതിലേയ്ക്ക് ഒരു എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.

വെറ്ററിനറി ഡിപ്പാർട്ട്മെന്റ്

*ക ൦ ക ൯. (൯) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വെറ്ററിനറിവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) പബ്ലിക്സർവ്വീസുകമ്മീഷണർ നിയമിച്ച ഒരു മിസ്റ്റർ ഗംഗാധരൻനായരെ പിരിച്ചുവിട്ടിട്ട് ഒരു മിസ്റ്റർ പ്രകാരൻനായരെ വെറ്ററിനറി ഡിപ്പാർട്ട്മെന്റിൽ നിയമിച്ചിട്ടുള്ളതായി ഗവൺമെന്റിനറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly